LITTLE KITES RAMNAGAR




# ബൈനറി സാഹിതി



SRMGHSS RAMNAGAR



# സന്ദേശം

സ്വാമി രാംദാസ് മെമ്മോറിയൽ ഗവ : ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഭാഗമായി മാഗസീൻ പ്രസിദ്ധീക-രിക്കുന്ന എന്നറിഞ്ഞതിൽ ഏറെ സന്തോഷി-ക്കുന്നു. കുട്ടികളിലെ ഐ. ടി മികവിനെ പ്രോ -ത്സാഹിപ്പിക്കുന്ന ഈ പദ്ധതിക്ക് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

- രാമനഗരത്തിന്റെ ചരിത്രവേരുകൾ
- ഗുരു
- നിസ്വാർത്ഥൻ
- സ്നേഹ രാജ്യം
- അപ്പുവും നായിക്കുട്ടിയും
- വിദ്യാലയം
- ലോകം
- പാതിരാവ്
- തിരുത്തിയ വരികളെ കുറിച്ചുള്ള കവിത
- കാലത്തിനൊപ്പം
- മധുരമുള്ള നെല്ലിക്ക
- കാരണം
- അമ്മ
- വിവിധ ചിത്ര രചനകൾ

## രാംനഗരത്തിന്റെ

# ചരിത്ര വേരുകൾ

സ്വാമി രാംദാസ് എന്ന ഋഷിശ്രേഷ്ഠൻ ശ്രീരാമകഥയുമായി ബന്ധപ്പെട്ട മഞ്ഞംപൊതിക്കുന്നിന്റെ താഴ്വാരത്തെത്തിയപ്പോൾ രാമനാമം മാത്രമാണ് ഓർത്തത്.സ്വാമി രാംദാസ് മഞ്ഞം പൊതിക്കുന്നിനടുത്തെ ഭൂപ്രദേശത്തിന് രാമനഗരം എന്ന പേരു നൽകി.

സ്വമി രാംദാസ് രാമനഗരം എന്ന പേരുനൽകിയപ്പോൾ ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു പ്രദേശമായി മാറുകയായിരുന്നു കാഞ്ഞങ്ങാട്ടെ ഒരു സാധാരണ ഗ്രാമം.' നഗരം' എന്ന വാക്കു വ്യവച്ഛേദിച്ചാൽ ഇങ്ങനെ കിട്ടുമത്രേ.' ന' എന്നാൽ ഇല്ല എന്നും ' ഗരം' എന്നാൽ ചൂട് എന്നും. നഗരം എന്നാൽ ചൂടില്ലാത്തത് എന്നർഥം.

രാമമന്ത്രം കൊണ്ട് കുളിരേകുന്ന പ്രദേശം എന്നാവാം സ്വാമി രാംദാസ്' രാമനഗരം' എന്ന നാമകരണത്തിലൂടെ ഉദ്ദേശിച്ചത്. എന്നും വെളിച്ചത്തിലേക്ക്, അറിവിലേക്ക്,ശാന്തിയിലേക്ക് എന്ന് ഭജിച്ചുകൊണ്ടിരിക്കുന്ന പരിപാവനമായ പ്രദേശമാണ് രാമനഗരം.

# <u>ഗുരു</u>

*ഒന്നൊഴിയാതെ ഗുണങ്ങൾ നരന്മാർക്ക്*
*വന്നുകൂടുന്നു ഗുരുപ്രസാദത്തിനാൽ*

- <u>*എഴുത്തച്ഛൻ*</u>

*നന്മ നമുക്കതേയുള്ളു ഗുരുകടാക്ഷം കൂടാതെ*
*ജന്മ സാഫല്യം വരുമോ ജനിച്ചാലാർക്കും*

-<u>*രാമപുരത്ത്വാര്യർ*</u>

*ഗുരുനാഥൻ തുണചെയ്ക സന്തതം*
*തിരുനാമങ്ങൾ നാവിന്മേലെപ്പോഴും*
*പിരിയാതെയിരിക്കണം നമ്മുടെ*

-<u>*പൂന്താനം*</u>

*ആരായുകിലന്ധത്വമൊഴിച്ചാദി മഹസ്സിൽ*
*നേരാം വഴികാട്ടും ഗുരുവല്ലോപരദൈവം*

-<u>*കുമാരനാശാൻ*</u>

LITTLE KITES RAMNAGAR

# നിസ്വാർത്ഥൻ

അവകാശവാദങ്ങളേതുമില്ലാത്തൊരാളിതാ

കത്തിജ്ജ്വലിക്കുന്ന സൂര്യനും മഞ്ഞുപെയ്യുന്ന -
മാമലയും
ഒരുപോൽ സുഖമെന്ന് കരുതിയൊരാളിതാ
ആബാലവൃദ്ധം ജനങ്ങളെ ഒരേകണ്ണാൽ നോക്കിയോൻ
മൃദുഹാസം വിരിയുന്നൊരാനനം
സഹജീവിക്കൾക്കുത്തേജകൗഷധമാകുന്നുവോ
വാക്കുകൾക്കപ്പുറം കർമ്മകാണ്ഡമെരിച്ചവൻ
ക്ഷമയും ഗൗരവവും അതിർവരമ്പേകിയോൻ
പദയുഗ്മങ്ങൾക്കടിയിപെടുന്ന രേണുക്കൾ പോലും
പ്റണാമമർപ്പിക്കുവോൻ
തന്നോടുമാത്റം വാക്കും പ്റവൃത്തിയും
എന്ന് തോന്നിക്കുവോൻ
ഇങ്ങനെയും ചിലരെന്ന് പറയാതെ പറഞ്ഞവൻ
ഇതുപോലൊരാൾ തങ്ങളോടൊപ്പം നടന്നെങ്കിൽ
ദിക്കുകൾ നമുക്കധീനത്തിലായേനെ
എന്നഭിമാനാദരങ്ങളാൽ ചിന്തിച്ചവർ
ഹതഭാഗ്യരല്ല ഞങ്ങളെന്നൊരുൾ

LITTLE KITES RAMNAGAR

## സ്നേഹ രാജ്യം

വരിനിൽക്കുന്നു
കുഞ്ഞുങ്ങൾ
വരിതെറ്റുന്ന
കണ്ണുമായ്

അറ്റൻഷൻ
സ്റ്റാന്റ്റീസ്
എന്നു കേൾക്കവേ
ഇളകുന്നു പൂക്കൾ
ഇളം കാറ്റിലെന്ന പോൽ
കൈയൊന്നു
നീട്ടിനിൽക്കുന്നു
പ്രതിജ്ഞയ്ക്കൊപ്പം
പല മുദ്രകൾ
വിടരുന്നുണ്ടാ-
ക്കൈകളിലൊക്കെയും.
രാജ്യം, സ്നേഹം
സാഹോദര്യം,
ക്ഷേമം, ഐശ്വര്യം
വൈവിധ്യമിങ്ങനെ

എടുത്താൽ പൊങ്ങാത്ത
വാക്കിന്റെ
കനം പേറി
നിൽക്കവേ
വെയിൽ വന്നു
വിളിച്ചപ്പോൾ

# അപ്പുവും നായക്കുട്ടിയും

ഒരിടത്ത് അപ്പു എന്ന ഒരു കുട്ടി ഉണ്ടായിരുന്നു. ആ പ്രദേശത്തെ വലിയ പണക്കാരന്റെ മകനായിരുന്നുഅപ്പു. അതുകൊണ്ട് തന്നെ അതിന്റെ അഹങ്കാരം അവനിൽ പ്രകടമായിരുന്നു.

ഒരു ദിവസം അപ്പുവും കൂട്ടുകാരനും സ്കൂളിലേക്ക് പോകുമ്പോൾ ഒരു നായക്കുട്ടി റോഡിനരികിൽ അവശ നിലയിൽ വീണുകിടക്കുന്നുണ്ടായിരുന്നു. അതു കണ്ട അപ്പു അതിനെ ഉപദ്രവിച്ചു. സഹജീവിസ്നേഹിയായ കൂട്ടുകാരൻ അപ്പുവിനെ ശകാരിച്ചു. അത് അപ്പുവിന് തീരെ ഇഷ്ടപ്പെട്ടില്ല, ആ നിസ്സാര കാരണം കൊണ്ട് ആ കൂട്ടുകാർ പിണങ്ങി.

കുറച്ചു ദിവസങ്ങൾക്കുശേഷം ഒരവധി ദിവസം അപ്പു കുളക്കരയിൽ കളിക്കുകയായിരുന്നു. പെട്ടന്ന് അപ്പു കുളത്തിലേക്ക് തെന്നി വീണു. അതുവഴി കളിച്ചു കൊണ്ടിരുന്ന ഒരു നായക്കുട്ടി അതുകണ്ടു. അത് അന്ന് അപ്പു ഉപദ്രവിച്ച നായക്കുട്ടിയായിരുന്നു. അത് അടുത്ത് കണ്ട ഒരു വടിക്കഷ്ണം വെള്ളത്തിലേക്ക് ഇട്ടുകൊടുത്തു. അപ്പു ആ വടിക്കഷ്ണം പിടിച്ച് രക്ഷപെട്ടു.

കരകയറിയ അപ്പുവിന് ആ നായക്കുട്ടിയെ മനസ്സിലായി . തന്റെ തെറ്റ് തിരിച്ചറിഞ്ഞ അപ്പു അതിനെ വീട്ടിലേക്ക് കൊണ്ടുപോയി.

LITTLE KITES RAMNAGAR

# *വിദ്യാലയം*

അറിവാണെന്റെ വിദ്യാലയം
അമ്മയാണെന്റെ വിദ്യാലയം

നറുങ്ങു കഥകളാൽ കേട്ടുണരുന്ന എന്റെ
സ്വന്തം വിദ്യാലയം

അക്ഷരമുറ്റത്തിൽ വാരിവിതറുന്ന നെൽ-
മണികളാണ് വിദ്യാർത്ഥികൾ

ഗുണപാഠങ്ങളും മുത്തശ്ശികഥകളും
നിറഞ്ഞ വിദ്യാലയ മുറ്റത്ത് -

ഒരിക്കൽ ഞാനെത്തി
ഇതാണെന്റെ വിദ്യാലയം..........

കൃഷ്ണേന്ദു.വി

LITTLE  KITES  RAMNAGAR

# ലോകം

വിജ്ഞാന വിസ്മയ മധുരം
നണയുന്ന വിസ്മയമാണെന്റെ ലോകം

ഉയർത്തെഴുന്നേൽപ്പിന്റെ സംഗീതമുയരുന്ന
വിശുദ്ധ പ്രപഞ്ചമാണെന്റെ ലോകം

സ്നേഹം,ക്ഷേമം,സാഹോദര്യം
വൈവിധ്യമിങ്ങനെ അറിവിന്റെ
വാക്കുകൾ ഉയർത്തിപ്പിടിച്ച
വിസ്മയമാണെന്റെ ലോകം

ശ്രീലക്ഷ്മി.എ

# ***പാതിരാവ്***



***അന്ധകാരത്തിന്റെ ആഴത്തിൽ***
***എന്നെ നോക്കി ചിരിക്കുന്ന വെളിച്ചമേ***
***നിന്റെ ശോഭയിൽ തിളങ്ങുന്ന താരങ്ങളെ***
***നോക്കി നിന്നുപോയി ഞാൻ!***

***വെള്ളിക്കിണ്ണം പോലെ തിളങ്ങുന്ന നിൻ മേനി***
***മാനത്തെ മനോഹരമാക്കുന്നു***
***പൗർണമിയിലെ പൂർണനിലാവേ***
***ഇരുട്ടുള്ള മനസ്സിൽ നിൻ വെളിച്ചം പരക്കട്ടെ.***

# തിരുത്തിയ വരികളെക്കുറിച്ചുള്ള കവിത

ബിജു മലയാളം HSA

കവിതയിലൊതുങ്ങാതെ നിന്ന
ഉൽക്കണ്ഠ, ഏകാന്തത, വിഷാദം
എല്ലാം പരന്ന്
കഥാപാത്രങ്ങൾ താഴേക്കിറങ്ങി

തിരുത്തിയ തെറ്റുകളെല്ലാം
പല്ലിളിച്ചുകൊണ്ടിരുന്നു

ഒന്നിനു മുകളിൽ ഒന്നായി
പരിമിത വർണ്ണങ്ങളിൽ
രൂപാന്തരം പ്രാപിച്ചു

ഒഴുക്കൻ മട്ടിലുള്ളതോ
അലക്ഷ്യമായതോ ആയ
വാരിത്തേപ്പുകളിൽ

അവയത്രയും
ഒരുവേള
തന്റെതന്നെ സന്ദേഹങ്ങളായി.

LITTLE  KITES  RAMNAGAR

# കാലത്തിനൊപ്പം

കാലത്തിനൊപ്പം സഞ്ചരിക്കുന്ന
കാളവണ്ടി പോലെ പായുന്ന -
ജീവിതമേ.....
നിന്റെ കരാളമാം കണ്ണുകൾ -
എന്നെ പുണരുന്നുവോ......
എന്റെ സുന്ദര ശിൽപ്പങ്ങൾ
നീ  തകർക്കുന്നുവോ.....
എന്റെ  ഹൃദയത്തിൽ നീ വരച്ച
ചിത്റങ്ങൾ നീ തന്നെ മായിച്ചുവോ.......
ഇനി നമുക്കു കഴിയുമോ
വീണ്ടും അവിടേക്ക് തിരിച്ചു
പോകാൻ...............

LITTLE KITES RAMNAGAR

# മധുരമുള്ള നെല്ലിക്ക

ഒാരു ദിവസം രാവിലെ അനന്ദു വളരെ നേരത്തെ സ്കൂളിൽ എത്തി. വളരെ നേരത്തെയായതിനാൽ സ്കൂളിൽ ആരും തന്നെ എത്തിയിട്ടുണ്ടായിരുന്നില്ല.
അപ്പോൾ അനന്ദുവിന് തോന്നി ഓഫിസിനുമുന്നിലെ നെല്ലിയിൽ നിന്നും നെല്ലിക്ക
പറിച്ചാലോ എന്ന്. അങ്ങനെ കല്ല് എടുത്ത് എറിയാൻ
തുടങ്ങി. ആ സമയത്ത് സ്കൂളിലെ പ്യൂൺ അതുവഴി വന്നു
അപ്പോൾ അനന്ദു പെട്ടെന്നു തന്നെ കല്ല് എറിയുന്നത് നിർത്തി
. ഒരു നെല്ലിക്ക പോലും കിട്ടിയിട്ടില്ല. പിന്നെ പ്യൂൺ വന്ന്
ക്ലാസ്സുകൾ തുറന്നു. പിന്നെ പ്യൂൺ വന്ന് ക്ലാസുകൾ തുറന്നു .
പിന്നെ കുറച്ച് കഴിഞ്ഞപ്പോൾ സ്കൂളിലേക്ക് കുട്ടികൾ വരാൻ
തുടങ്ങി .

അങ്ങനെ അനന്ദു
ക്ലാസിലേക്ക് പോയി.
ആദ്യപിരീടിന്റെ പകുതിയായപ്പോളുണ്ട് പ്യൂൺ ക്ലാസിൽ വന്നിട്ട്
അനന്ദുവിനോട് പറഞ്ഞു HM തന്നെ വിളിക്കുന്നുണ്ട് എന്ന്.
അനന്ദു പ്യൂണിന്റെ കൂടെപോയി
അങ്ങനെ അവിടെ നിന്ന് HM അനന്ദുവിന് ഒരു വീഡിയോ
കാണിച്ചു കൊടുത്തു
അത് അവൻ നെല്ലിക്കയ്ക്ക് വേണ്ടി കല്ലെറിയുന്നതായിരുന്നു.
അപ്പോഴാണ് അവന്
മനസ്സിലായത് അവനറിയാതെ പ്യൂൺ അനന്ദുവിന്റെ
വീഡിയോ എടുക്കുന്നുണ്ടായിരുന്നു.

LITTLE KITES RAMNAGAR

***അജിത്ത്. എം***
***വി***

SRMGHSS RAMNAGAR

LITTLE KITES RAMNAGAR

# കാരണം

പാഠപുസ്തകം
ചോദ്യം
ഉത്തരം
ഇതാണ് ഞാൻ;
ഇതുമാത്രം

കണ്ണുകൾ കാണാതിരിക്കാനുള്ളതാണെന്ന്
ഇന്നലെകളെ തിരിഞ്ഞുനോക്കരുതെന്ന്
നാളെകളെ സ്വപ്നംകാണരുതെന്ന്
മാറ്റങ്ങളെ ഭയക്കണമെന്ന്
പുതിയപാതകൾ തേടരുതെന്ന്
അവർ പഠിപ്പിച്ചു

'മര്യാദക്കുട്ടി പട്ടം ഏറ്റുവാങ്ങി
നേട്ടങ്ങളുടെ കണക്കു പുസ്തകം
ശൂന്യമായിരുന്നു
പക്ഷേനേട്ടങ്ങളുടെ താളുകൾ
പിന്നെയും അക്ഷരക്കുഞ്ഞുങ്ങളെപെറ്റുകൂട്ടി

നിന്നെ ഞാൻ കാണാതെ പോയി
വായടപ്പിച്ച ശബ്ദങ്ങൾ കേൾക്കാതെയും
പോയി
കാരാണം
പാഠങ്ങൾ പുസ്തകങ്ങൾക്ക്
പുറത്തായിരുന്നല്ലോ

# അമ്മ

ദർശന ഇ വി ,8 ബി



അമ്മയാണെൻ ദൈവമെന്നു പഠിച്ചു ഞാൻ
അമ്മയാണെൻ ദൈവമെന്നുമെഴുതി ഞാൻ
അമ്മ തൻ  മടിത്തട്ടിലെന്നുമുറങ്ങി ഞാൻ
അമ്മയെന്ന സത്യം പഠിക്കുവാൻ
ഞാനൊന്ന്  വീഴുമ്പോൾ ഉരുകുമെന്നമ്മയ്ക്ക്
മനസ്സൊന്നുലഞ്ഞീടും
സൂര്യനു മുമ്പെഴുന്നേറ്റെന്റമ്മ  നെട്ടോട്ടമോടിടുമ്പോൾ
എന്റെ കുഞ്ഞിനെന്നും
നല്ലതുവരണെമെന്നോർക്കുമല്ലോ
മുറ്റത്തെ തുളസിത്തറയിൽ വിളക്കു വച്ചെന്റമ്മ
കാവിലെ ദേവിയായ് എനിക്ക് തോന്നി.
ദേവിയാണെന്റമ്മ ദയയുമാണ്
അമ്മ തൻ സാരിത്തുമ്പു പിടിച്ചു നടന്നു ഞാൻ
അമ്മയിലെ നന്മ പഠിക്കുവാൻ
ദേവിയായ് എന്നുള്ളിലുള്ളതുമെന്നമ്മ
പാവങ്ങളുടെ അമ്മയായുള്ളതുമെന്നമ്മ താൻ
അമ്മയിലെ സ്നേഹമറിഞ്ഞു ഞാൻ
അമ്മയാണെൻ ആദ്യ സത്യം
അമ്മ തൻ നെറ്റിയിലെ കുങ്കുമത്തിൽ
മാഹാത്മ്യമറിഞ്ഞു ഞാൻ
അമ്മയാണെൻ ആദ്യ ഗുരുനാഥ

LITTLE KITES RAMNAGAR




SRMGHSS RAMNAGAR

LITTLE KITES RAMNAGAR




SRMGHSS RAMNAGAR

# സുദർശനം വിഴുങ്ങിയ

## ഉണ്ണിഗണപതി

മഹാവികൃതിയായിരുന്ന ഉണ്ണിഗണപതി. ഒരു ദിവസം മഹാവിഷ്ണു ശിവനെ കാണാനായി കൈലാസത്തിലെത്തി. സംസാരത്തിനിടയിൽ മഹവിഷ്ണു തന്റെ സുദർശനചക്രമെടുത്ത് ഒരു പാറയ്ക്കുമുകളിൽ വച്ചു

അപ്പോഴാണ് ഉണ്ണിഗണപതി അതുവഴി വന്നത് 'ങേ ! എന്താണിത്? നല്ല തിളക്കമുണ്ടല്ലോ' ഗണപതി സുദർശനചക്രമെടുത്ത് തിരിച്ചും മറിച്ചും നോക്കി. കഴിക്കാനുള്ള എന്തോ വസ്തുവാണ് അത് എന്നാണ് ഗണപതി വിചാരിച്ചത് പിന്നെ ഒട്ടും വൈകിയില്ല 'ഗ്ളും' എന്ന് ഒറ്റ വിഴുങ്ങൽ ! എന്നിട്ട് ഒന്നും അറിയാത്തതുപോലെ പോകുകയും ചെയ്തു. മഹവെിഷ്ണു പോകാനിറങ്ങിയപ്പോഴല്ലേ രസം. സുദർശനചക്രം കാണനില്ല ! എല്ലാവരും ചർന്ന് തിരച്ചിൽ അരംഭിച്ചു ശിവഭഗവൻ ഗണപതിയെ വിളിച്ച് സുദർശനചക്രം കണ്ടോ

എന്ന് അന്വേഷിച്ചു. "ഞാനതുവിഴുങ്ങി !", ഒട്ടും കൂസലില്ലാതെ ഗണപതി പറഞ്ഞു .

എങ്ങനെയെങ്കിലും സുദർശനചക്രം തിരികെ കൊണ്ടുവരൻ വേണ്ടി മഹാവിഷ്ണു ഗണപതിയെ ചിരിപ്പിക്കാൻ ശ്രമിച്ചു . ഗണപതിയ്ക്ക് ചിരിയടക്കാൻ കഴിയാതെ അട്ടഹസിച്ച് ചിരിച്ചു .അപ്പോൾ ഗണപതിയുടെ വായിൽ നിന്നും സുദർശനചക്രം പുറത്തു വന്നു . മഹാവിഷ്ണുവിന് സന്തോഷമായി . മഹാവിഷ്ണു തിരിച്ചു പോയി .

LITTLE KITES RAMNAGAR

# കിട്ടുക്കുറുക്കന് പറ്റിയ അമളി

ഒരു ദിവസം കിട്ടുക്കുറുക്കൻ ഇര തേടി നാട്ടിൻ പുറത്തെത്തി. ഒരു ഉഗ്രൻ കോഴിയെ പിടിച്ച് ചാക്കിലാക്കി, ഒരുപാട് ദൂരം ചുമന്ന് കൊണ്ട് നടന്നു. ഇനി പുഴയിലിറങ്ങി ഒന്നു മുഖം കഴുകാം,നല്ല ക്ഷീണം കിട്ടു വിചാരിച്ചു.ചുമട് താഴെ ഇറക്കി.കിട്ടു പുഴയിലിറങ്ങി. ചാക്കിനകത്ത് എന്തോ അനങ്ങുന്നത് കണ്ട് മിന്നു കുരങ്ങൻ അടുത്തേക്ക് ചെന്ന് ചാക്കിന്റെ കെട്ടഴിച്ചു.അപ്പോ ഒരു കോഴി.അതിനെ അവൾ തുറന്ന് വിട്ടു.പകരം ഉരുളൻ കല്ലുകൾ പെറുക്കി ചാക്കിലിട്ടു.ഒന്നുമറിയാതെ കിട്ടുക്കുറുക്കൻ ചുമടുമേന്തി തന്റെ പ്രിയതമയ്ക്കും മക്കൾക്കും അരികിലെത്തി.അടുപ്പത്ത് വെള്ളം തിളപ്പിച്ച് കിട്ടുവിനെയും കാത്തിരുന്ന അവർ ചാക്കഴിച്ച് വെള്ളത്തിലിട്ടപ്പോൾ അന്തം വിട്ടു. ഭാരമുള്ള കല്ല് വീണ് ചട്ടിയും പൊട്ടി.

ഹൃദ്യ പ്രകാശ്

LITTLE  KITES  RAMNAGAR

SRMGHSS RAMNAGAR

LITTLE KITES RAMNAGAR

## ചിപ്പിയോട്

ചായംപൂശിയൊരാകാശം
ചേല ചുവന്നൊരു കടലലയും
കാണാൻ വന്നൊരു പെൺകുട്ടി
മെല്ലെ മൊഴിഞ്ഞൂ താളത്തിൽ

ഒരു മൺതരിയെ മുത്താക്കും
ഉണ്ടൊരു സൂര്യൻ നിന്നുള്ളിൽ
നിന്നുടെ ജന്മം കളിയല്ല.
നിന്നുടെ വേദന ചെറുതല്ല.

LITTLE KITES RAMNAGAR

## വളപ്പൊട്ടുകൾ

അന്നാദ്യമായെൻ വളപ്പൊട്ടുകൾ കരഞ്ഞതെന്തേ
വേദനിക്കുന്നൊരമ്മതൻ വിലാപമോർത്തോ
അച്ഛനെന്ന തണലിനെ ഓർത്തോ.
വേരുകൾ അറ്റും ചിന്നിച്ചിതറിയും
പോയ കുറെ ഓർമ്മകൾ മാത്രം ഇനിബാക്കിയായി..

LITTLE KITES RAMNAGAR

## കർക്കിടപ്പേമാരി

യക്ഷയേപ്പോലെ മുടിയവഴിച്ചിട്ട് പുലരു-
വോളമെന്നെപ്പേടിപ്പിക്കുന്ന രാത്രി

കിളിവാതിലിലൂടെന്റെ മുറിയിലേക്ക് ഇടി-
മിന്നൽക്കൈ നീട്ടിയെത്തുന്ന രാത്രി

അപ്പൊഴുമൊരു സ്നേഹസ്പർശമായെന്നെ-
പ്പാടിയുറക്കുന്നു കർക്കിടകപ്പേമാരി

LITTLE KITES RAMNAGAR

# അഗ്നിയാവുക നമ്മൾ

എല്ലാവരെയും, പ്രത്യേകിച്ച് യുവതലമുറയെ, പ്രചോദിപ്പിച്ച വ്യക്തിത്വമാണ് ഡോ . എ. പി. ജെ. അബ്ദുൾ കലാം. സ്വപ്നങ്ങൾ കാണാനും അവ കൈവരിക്കാനും അദ്ദേഹത്തിന്റെ ചിന്തകൾ നമ്മെ പ്രേരിപ്പിക്കുന്നു.

ഒരു പക്ഷെ, വിവേകാനന്ദനോ ചെഗുവേരയക്കോ ശേഷം യുവജനങ്ങളെ ഇത്രയും സ്വാധീനിച്ച വ്യക്തിത്വങ്ങൾ അധികമില്ല എന്നുതന്നെ പറയേണ്ടി വരും.

LITTLE KITES RAMNAGAR

# നീയും പുഴയും

നീയെനിക്ക് പുഴപോലെയാണ്
പുഴയെനിക്ക് പ്രണയമാണ്

ഓളങ്ങളായിരം ചുംബനത്താൽ
എന്നെക്കുളിരണിയിച്ചിടുന്നു

പുഴയുടെ ചൂടും തണുപ്പുമെല്ലാം
എന്നിലനുഭൂതി നിറച്ചിടുന്നു

ആഴങ്ങളിലേക്കലിഞ്ഞുചേരും സുഖം
എന്നെയൊരുത്തനാക്കിടുന്നു...

# കിട്ടാത്ത മുന്തിരി പുളിക്കും

ഒരു ദിവസം കിട്ടുകുറുക്കൻ കാട്ടിലൂടെ നടക്കുകയായിരുന്നു. അപ്പോൾ ഒരു മുന്തിരി കുല കണ്ടു. അത് വളരെ മുകളിലായിരുന്നു. കിട്ടു ആ മുന്തിരി കുല ചാടി പറിക്കാൻ ശ്രമിച്ചു. എത്ര ശ്രമിച്ചിട്ടും ആ മുന്തിരി കിട്ടിയില്ല. കുറച്ച് കഴിഞ്ഞപ്പോൾ കിട്ടുവിനേക്കാൾ ഒരടി പൊക്കം കൂടുതൽ ഉള്ള മിട്ടു കുറുക്കൻ ആ വഴി വന്നു. സാമർത്ഥ്യക്കാരനായ മിട്ടു ആ മുന്തിരി ചാടി പിടിച്ചു അത് കണ്ട കിട്ടു കുറുക്കന് അസൂയ തോന്നി. അപ്പോൾ കിട്ടു കുറുക്കൻ വിചാരിച്ചു ആ മുന്തിരി പുളിക്കും എന്ന്.

LITTLE  KITES  RAMNAGAR

SRMGHSS RAMNAGAR